## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1647 — 14.12.2012- ൽ മറുപടിക്ക്

# നിറവ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.റ്റി. ജോർജ്<br>,, ഹൈബി ഈഡൻ<br>,, സണ്ണി ജോസഫ്<br>,, ലൂഡി ലൂയിസ് | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ നിറവ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | എ പ്രദേശത്തിന്റെയും മണ്ണിന്റെയും പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുകയും വിളകളുടെ വിസ്തൃതി കൂട്ടുക, വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ജൈവകൃഷി വ്യാപിപ്പിക്കുക, മൂല്യവർദ്ധനവിലൂടെയും ഉല്പന്ന വൈവിധ്യ വൽക്കരണത്തിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക ഇതിനു വേണ്ടി കൃഷി അനുബന്ധ മേഖലകളായ കോഴി വളർത്തൽ, കാലിവളർത്തൽ, മത്സ്യകൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ, എന്നിവ ഉൾപ്പെടുത്തി വിത്തു മുതൽ വിപണി വരെയുള്ള സമഗ്ര കാർഷിക വികസനമാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ |
| ബി എന്തെല്ലാം സൗകര്യങ്ങളാണ് ഈ പദ്ധതിയനുസരിച്ച് കർഷകർക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്; | ബി നിറവ് പദ്ധതി സംസ്ഥാനത്തെ 10 ജില്ലകളിലെ 12 നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കി വരുന്നു. ഈ പദ്ധതിയനുസരിച്ച് അതതു മണ്ഡലങ്ങളിൽ നിന്നും വിശദമായ ചർച്ചകൾക്കും കൂടിയാലോചനകൾക്കും ശേഷം ഉരുത്തിരിയുന്ന കാർഷിക, മൃഗസംരക്ഷണ, ക്ഷീരവികസന, മത്സ്യക്കൃഷി വികസന പദ്ധതികളാണ് നടപ്പാക്കുന്നത്. ഇപ്രകാരം ഓരോ മണ്ഡലത്തിലും ആർ. കെ. വി. വൈ ഫണ്ട് ഉപയോഗപ്പെടുത്തി 2 കോടി രൂപയിൽ കവിയാത്ത പ്രോജക്റ്റുകളാണ് നടപ്പിലാക്കുന്നത്. കർഷകർക്ക് |

പദ്ധതി നടപ്പാക്കുന്നതിലൂടെ ആർ. കെ. വി. വൈ പദ്ധതി മാനദണ്ഡങ്ങളനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭ്യമാകും.

ഈ പദ്ധതി അനുസരിച്ച് വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു :

1. 12 നിയോജകമണ്ഡലങ്ങളിലെ നഗരങ്ങളിലെ വീടുകളിൽ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 1,10,000 പച്ചക്കറി വിത്ത് പായ്ക്കറ്റുകളുടെ വിതരണം
2. 5,50,000 പച്ചക്കറി തൈകളുടെ വിതരണം.
3. കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 550 ഹെക്ടർ തരിശു ഭൂമിയിലേയ്ക്ക് പച്ചക്കറികൃഷി വ്യാപിപ്പിക്കുക
4. കിഴങ്ങുവർഗ്ഗവിളകളുടെ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 39000 Tuber Crop Mini Kit കളുടെ വിതരണം
5. ഫലവർഗ്ഗവിളകളുടെ പ്രോത്സാഹനത്തിനായി 61000 ഫലവൃക്ഷ തൈകളുടെ വിതരണം
6. 61000 ടിഷ്യൂക്കൾച്ചർ വാഴകളുടെ വിതരണം
7. ഉപഭോക്താക്കൾക്ക് ന്യായ വിലയിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി 12 ചില്ലറ വില്പനശാലകൾ

സി ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത് ;

സി കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന ഈ പദ്ധതിയിൽ കൃഷി അനുബന്ധ വകുപ്പുകളായ മൃഗ സംരക്ഷണം, മണ്ണു സംരക്ഷണം, ഫിഷറീസ്, ക്ഷീരവികസനം തുടങ്ങിയവയും പൗൾട്രി ഡവലപ്പ്മെന്റ് കോർപ്പറേഷൻ, കെ.എൽ.ഡി.സി, മീറ്റ് പ്രോഡക്റ്റ് ഓഫ് ഇൻഡ്യ, ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തുടങ്ങിയ കോർപ്പറേഷൻ / ബോർഡുകൾ എന്നിവയുടേയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

| | | |
|---|---|---|
| ഡി | എത്ര നിയോജക മണ്ഡലങ്ങളി- ലാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്; | ഡി സംസ്ഥാനത്തെ 10 ജില്ലകളിലാണ് 12 നിയോജക മണ്ഡലങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ലിസ്റ്റ് ചുവടെ ചേർക്കുന്നു. |

| ജില്ല | നിയോജക മണ്ഡലം |
|---|---|
| 1. കണ്ണൂർ | കൂത്തുപറമ്പ് |
| 2.കോഴിക്കോട് | പേരാമ്പ്ര, നാദാപുരം, ബാലുശ്ശേരി |
| 3. വയനാട് | കല്പറ്റ |
| 4. മലപ്പുറം | കോട്ടക്കൽ |
| 5. തൃശ്ശൂർ | കൊടുങ്ങല്ലൂർ |
| 6. എറണാകുളം | പറവൂർ |
| 7. ഇടുക്കി | തൊടുപുഴ |
| 8. ആലപ്പുഴ | ചെങ്ങന്നൂർ |
| 9. കൊല്ലം | പത്തനാപുരം |
| 10. കോട്ടയം | പാല |

| | | |
|---|---|---|
| ഇ | എല്ലാ നിയോജക മണ്ഡലങ്ങളിലും ഇ ഇവ നടപ്പാക്കുന്നതിനുള്ള നടപടി കൾ സ്വീകരിക്കുമോ? | പരിഗണിക്കാവുന്നതാണ്. |

Snehams

സെക്ഷൻ ഓഫീസർ